മഹാരാഷ്ട്രയിലെ ഗട്ചിറോളി ജില്ലയിലെ മേന്തയിലെ ആദിവാസി ഗോണ്ട് ഗോത്രത്തോടൊപ്പം താമസിച്ച ലേഖകൻ ഗോത്രസമൂഹത്തിന്റെ ഭരണ-സാമൂഹിക സംവിധാനങ്ങളെക്കുറിച്ചും ആധുനിക സംസ്കൃതികളുടെ പാകപിഴകളെ ഓർമ്മപ്പെടുത്തുന്ന അവരുടെ തനത് ചുറ്റുപാടുകളെക്കുറിച്ചും ഗോത്രജൈവികതയുടെ നന്മകളെക്കുറിച്ചും എഴുതുന്നു.

# ഗോത്രസമൂഹം നൽകുന്ന പാഠങ്ങൾ – 2

കെ. ബഷീർ

**ജനാധിപത്യരീതികളുടെ താരതമ്യം**

നിലവിലുള്ള ജനാധിപത്യരീതികൾ പ്രാതിനിധ്യ ഭൂരിപക്ഷരീതികളാണ്. അവയുടെ ഈറ്റില്ലം യൂറോപ്പാണെന്നു പറയപ്പെടുന്നു. ഭൂരിപക്ഷത്തെ മാനിക്കുമ്പോൾ ന്യൂനപക്ഷത്തെ അവഗണിക്കുന്നു. വിഭവങ്ങളും സാമർത്ഥ്യവും വഴി ലോബിയിങ്ങിനു കഴിവുള്ളവർ എന്നും മേൽക്കൈ നേടുന്നു. ഇതുവരെ ജനപ്രതിനിധികൾപോലും ജനങ്ങളുടെ താല്പര്യങ്ങൾ അവഗണിക്കുന്നു. തങ്ങളുടെ പ്രതിനിധിയെ ഈ വ്യവസ്ഥയിൽ തിരഞ്ഞെടുക്കാനുള്ള അവകാശവും അധികാരവും പ്രതിനിധിക്കാണ്. ഭൂരിപക്ഷത്തിന്റെ പേരു പറഞ്ഞ് ജനതാല്പര്യത്തിൽനിന്നും അദ്ദേഹം വ്യതിചലിച്ചാലും കുഴപ്പമില്ല. തിരഞ്ഞെടുത്തുകഴിഞ്ഞാൽ ജനതാല്പര്യം അവഗണിക്കാം. അതിനാൽ തിരഞ്ഞെടുപ്പിന് മുമ്പ് സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പിനുശേഷം പൊതുജനവും യാചകരമാണ്. പൂർണ്ണമായും ശരിയാണെന്നു തോന്നുന്ന ഒരു കാര്യത്തിൽപോലും ഭൂരിപക്ഷത്തിന്റെയും ലോബിയിങ്ങിന്റെയും കാലുമാറ്റത്തിന്റെയും പേരിൽ ശരിയായ തീരുമാനങ്ങളില്ലാതെ വരുന്നു. അതുവഴി പൊതുജനങ്ങളുടെ അവകാശങ്ങൾ തട്ടിയെടുക്കപ്പെടുന്നു.

പരമ്പരാഗതമായി ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളിൽപോലും തീരുമാനങ്ങളെടുക്കാൻ അവകാശമില്ലാതെ ജനാധിപത്യരീതി ജനങ്ങളുടെ അവകാശം തട്ടിയെടുക്കുന്നു. അതുവഴി അസംതൃപ്തിയും ലോബിയിങ്ങും വിഭാഗീയതയും പിളർപ്പും തുടർകഥയാവുന്നു. ജനാധിപത്യരീതിയിൽ തന്നെ ജനവിരുദ്ധത തഴച്ചു വളരുന്നു. രാസകീടനാശിനി സബ്സിഡി, അയഡിൻ ഉപ്പ്, മന്തുഗുളിക, എച്ച് ഐ വി മരുന്നുകൾ, കോണ്ടം എന്നിവ ജനവിരുദ്ധമെങ്കിലും ജനാധിപത്യരീതിയിൽ വ്യാപകമാകുന്നു.

പ്രാദേശിക സമൂഹം ഒരുമിക്കുന്നു. ഇങ്ങിനെ വികലജനാധിപത്യത്തിന്റെ പേരിൽ അധികാരം കേന്ദ്രീകരിക്കുന്ന രീതിയുടെ പേരിൽ സമൂഹത്തിന്റെ എല്ലാ അവകാശങ്ങളും ത്യജിക്കണോ? തങ്ങളുടെ പേരിൽ സമൂഹത്തിന്റെ എല്ലാ അവകാശങ്ങളും ത്യജിക്കണോ? തങ്ങളുടെ ചുറ്റുപാടുകളിലുള്ള കാര്യങ്ങളിൽ എങ്കിലും തങ്ങൾക്ക് കഴിയാവുന്നത് ചെയ്തുകൂടെ? ശരിയായ തീരുമാനങ്ങൾ എടുക്കാനുള്ള അവകാശങ്ങൾ സ്വയം കൈവശം വെച്ചുകൂടെ? അത് വിട്ടുകൊടുക്കേണ്ടതുണ്ടോ? ജനാധിപത്യരീതിയിൽ മുഴുവൻ അവകാശങ്ങളും വ്യവസ്ഥിതിക്ക് വിട്ടുപോകുന്നതിനുപകരം തങ്ങൾക്ക് അപ്രാപ്യമായതും അപ്രയോഗികമായതും മാത്രം തീരുമാനിക്കാൻ പ്രതിനിധികളെയും സർക്കാറിനെയും ചുമതലപ്പെടുത്തിയാൽ പോരെ? ഇത്തരം ചോദ്യങ്ങൾക്ക് മേന്ത് (ലേഖ)യിലെ ഗ്രാമസഭ ചർച്ചയിലൂടെ തീരുമാനങ്ങളിലെത്തി. ചരിത്രത്തിലെ സ്വർണ്ണലിപികലാലെഴുതപ്പെട്ട തീരുമാനങ്ങൾ അസാധാരണമായ ചില മുദ്രവാക്യങ്ങൾ അവിടെ ഉരുത്തിരിഞ്ഞു. അതിനവർ ഉപയോഗിച്ച രീതിയാണ് സർവ്വസമ്മത ജനാധിപത്യരീതി. മഹാത്മഗാന്ധിയെയും വിനോബാഭാവെയെയും അവർക്കറിയുമായിരുന്നില്ല. എങ്കിലും ചരിത്രപരമായി ഇതുപോലൊരു രീതി നിലനിന്നിരുന്നതാണീ സമൂഹത്തിൽ.


മേന്തയുടെ സമ്പന്നമായ പാരമ്പര്യം അഹിംസയുടെയും ശാന്തിയുടെയും സമാധാനത്തിന്റെയും ധന്യമായി പാരമ്പര്യമുള്ളതാണ് ഗോണ്ട് സമുദായം. മനുഷ്യരെ കൊല്ലാനുള്ള ഒരായുധം പോലുമിവിടെ ഉരുതിരിഞ്ഞിട്ടില്ല. ദ്രാവിഡഭാഷകളായ തെലുങ്കിനോടും കന്നടയോടും ബന്ധമുള്ള ഗോണ്ടി ഭാഷ. തനതായും പ്രാചീനമായതുമായ വിദ്യാഭ്യാസ പരിശീലരീതിയായ ഗോട്ടൂർ ഈ രീതിയിൽ മുതിർന്നകുട്ടികൾ അധ്യാപകരും പരിശീലകരുമാണ്. സമൂഹത്തിലെ പ്രായമായവർ ഉപദേശകരമായി കൃഷി, വനം, പാചകം, വൃത്തി, സംഗീതം, നൃത്തം, ചരിത്രം മുതലായവ പരിശീലിപ്പിക്കുന്നു. ഉച്ചനീചത്വം അന്യമാണിവിടെ. 'കോയ' എന്ന ഇവരുടെ വർഗ്ഗത്തിന്റെ വാക്യാർത്ഥം തന്നെ മനുഷ്യർ എന്നാണ് തനതായതും ഫലപ്രദവുമായ ആരോഗ്യശീലങ്ങൾ, ആരോഗ്യപരിപാലനം കളവും ചതിയുമില്ലാത്തതിനാൽ വാതിലുകളില്ലാത്ത വീടുകൾ, കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും സ്ത്രീപീഡനഭയവുമില്ലാ

ത്ത, പിച്ചക്കാരില്ലാത്ത, തനതായ നീതിന്യായ വ്യവസ്ഥയും അതിൽ മുഴുവൻ ഗ്രാമസമൂഹത്തിന്റെ പങ്കാളിത്തവുമുള്ള കോടതി ഏതു കുറ്റാരോപിതനും തന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരത്തിൻെറ അവകാശം നല്കുന്ന കോടതി, കോടതിയുടെ തീരുമാനം കുറ്റവാഴി സ്വീകരിച്ചാൽ "നാമെല്ലാവരും മനുഷ്യർ മാത്രം! അതിനാൽ കുറ്റം ആവർത്തിക്കില്ലെന്ന വ്യവസ്ഥയിൽ കുറ്റവാളിയെ വീണ്ടും സഭയിലും കോടതിയിലും പൂർണ്ണ അധികാരമുള്ള അംഗമായി തിരിച്ചെടുക്കുന്ന പാരമ്പര്യം മുതലായ സമ്പന്നമായ പൈതൃകം ഈ സമൂഹത്തിന്റെ കൈമുതലായിരുന്നു. ഇവിടെ ഈ പുത്തൻ ജനാധിപത്യരീതി - സർവ്വസമ്മതജനാധിപത്യരീതി 1987 മുതൽ വിജയപ്രദമായി പരീക്ഷിക്കപ്പെട്ടു. ചരിത്രത്തിലിന്നേവരെ ദർശിട്ടില്ലാത്ത, കൂട്ടായ്മയുടെയും അഹിംസയുടെയും വിജയാഗാഥകൾ രചിക്കപ്പെട്ടു.

**അത്ഭുതപ്പെടുത്തുന്ന മുദ്രാവാക്യങ്ങൾ!**

"ഞങ്ങളുടെ സർക്കാരാണ് ദില്ലിയിലും മുംബയിലും പക്ഷെ ഞങ്ങളുടെ ഗ്രാമത്തിൽ ഞങ്ങൾ തന്നെയാണ് സർക്കാർ" എന്നവർ പ്രഖ്യാപിച്ചു. അതുവഴി തങ്ങളുടെ ഗ്രാമത്തിലും അതിന് നിസ്താർ അവകാശമുള്ള 1824 വനഭൂമിയും ഞങ്ങൾ സംരക്ഷിക്കും. ഈ പ്രദേശത്ത് എന്ത് പ്രവർത്തനം നടത്തണമെങ്കിലും ഗ്രമാസഭയുടെ അംഗീകാരം മുൻകൂട്ടി വാങ്ങിയിരിക്കണം അല്ലാതെ നടത്തുന്ന പ്രവർത്തനം നിയമ വിരുദ്ധമാണ്. അനുവദനീയമല്ല.

ഈ പ്രഖ്യാപനം പരമ്പരാഗത ശക്തികേന്ദ്രങ്ങളെ അന്ധാളിച്ചു. വനപാലകർ, റെവന്യൂ, എക്സൈസ്, കരാറുകൾ, ഗുണ്ടകൾ, നക്സലുകൾ എല്ലാലവരും പൂർണ്ണമായി എതിരായി പക്ഷെ ഗ്രാമജനതയുടെ നിശ്ചയദാർഢ്യത്തിനും അഹിംസയിലധിഷ്ഠിതമായ മാർഗ്ഗത്തിനും മുന്നിൽ കാലക്രമേണ ഇവരെല്ലാം മുട്ടുമടക്കുന്ന ആവേശകരമായ സംഭവപരമ്പര



ലേഖകൻ മേന്തയിലെ ഗോണ്ട് ആദിവാസി ഗോത്രത്തെ സന്ദർശിച്ചപ്പോൾ

ആരംഭിക്കുകയായി.

ഇതിന് ഗ്രാമത്തിന്റെ അനിഷേധ്യതലവൻ ദേവാജിടോഫയുടെ നേതൃത്വത്തിൽ ഗ്രാമം ഒറ്റക്കെട്ടായി ഉപദേശ നിർദ്ദേശകനായി മോഹൻ ഹിരാബായ് ഹിരാലിലും ഈ കാലം മുഴുവൻ കൂടെ നിന്നു. അദ്ദേഹം ആദ്യത്തെ 3 വർഷം ഗ്രാമത്തിൽ തന്നെ താമസിച്ചു അവരുടെ ഭാഷയും സംസ്കാരവും രീതികളും പഠിച്ചു. അവരിലൊരാളായി ഇന്നും അവർക്കാവശ്യമുള്ളപ്പോഴൊക്കെ അവിടെയോടിയെത്തും. അദ്ദേഹത്തിന്റെ 'വൃക്ഷമിത്ര' എന്ന ചന്ദ്രപൂരിലെ സംഘടനയും ഇവരെ സഹായിക്കുന്നു.

**ഗ്രാമസഭയുടെ പ്രത്യേകത**

ഗ്രാമസഭയിൽ എല്ലാ പ്രായപൂർത്തിയായവരും അംഗങ്ങളാണ്. എല്ലാ കുടുംബത്തിലെയും ഒരാണും ഒരുപെണ്ണും നിർബന്ധമായും ഗ്രാമസഭയിൽ പങ്കെടുത്തിരിക്കണം. പങ്കെടുക്കാത്തവർ ഗ്രാമസഭയെടുക്കുന്ന തീരുമാനം സ്വീകരിക്കണം ഹാജരായ എല്ലാവരുടെയും സമ്മതം കൂടാതെ ഒരു തീരുമാനവും നടപ്പിലാക്കില്ല. ഓതു വിഷയത്തെക്കുറിച്ചും പഠിക്കാനും വ്യക്തമാക്കാനും ഗ്രമാസഭക്ക് കീഴിൽ ഒരു പഠനഗ്രൂപ്പുണ്ട്. ഇതിൽ അംഗത്വം വളണ്ടറിയാണ്. പുറമെ നിന്നുള്ളവർക്കും പഠനഗ്രൂപ്പിൽ അംഗങ്ങളാവാം. വിഷയത്തെ പരമാവധിപഠിച്ച് വിശദാംഗങ്ങളും വരുംവരാഴികളും ചികഞ്ഞ് മനസ്സിലാകാൻ പാകത്തിൽ ഗ്രാമസഭയിൽ അവതരിപ്പിക്കലാണ് പഠനഗ്രൂപ്പിന്റെ ജോലി. ഒരകു പ്രത്യേക വിഷയത്തിൽ ഏകകണ്ഠമായ തീരുമാനമായില്ലെങ്കിൽ അടുത്തയോഗതത്തിലേക്ക് തീരുമാനം മാറ്റുകയോ വിഷയം തള്ളിക്കളയുകയോ ചെയ്യുന്നു. ഇതുവഴി ഓരോ അംഗത്തിനും വീറ്റോ അധികാരമുള്ളതിനാൽ എല്ലാവരിലും കൂടുതൽ ഉത്തരവാദിത്ത്വവും വിധേയത്വവും ഉടലെടുക്കുന്നു.

**സമഗ്ര ഗ്രാമസഭയുടെ വികാസം**

തുടക്കത്തിൽ ഗ്രാമസഭയിൽ പുരുഷന്മാർ മാത്രമാണ് സജീവമായി പങ്കെടുത്തിരുന്നത്. സ്ത്രീ വിഭാഗം ഗ്രാമസഭയെ ഫലത്തിൽ അവഗണിച്ചിരുന്നതിനാൽ അതിന്റെതായ ശക്തിശോഷണവും വൈകല്യവും അനുഭവപ്പെട്ടു. സ്ത്രീകളോട് സഹകരിക്കാനാവശ്യപ്പെട്ടപ്പോൾ "ഞങ്ങളതിലെന്തിനു ഗ്രാമസഭയിൽ പങ്കെടുക്കണം. നിങ്ങൾ പുരുഷന്മാർ കള്ളും കുടിച്ചുവന്ന് ബഹളമുണ്ടാക്കുന്ന ഗ്രാമസഭയിൽ പങ്കെടുക്കാൻ ഞങ്ങൾക്ക് താല്പര്യമില്ല." അതിനാൽ ഗ്രാമസഭയുടെ ദിവസം ഗ്രാമസഭ തീരുന്നതുവരെ മദ്യം ഉപയോഗിക്കാറില്ലെന്നും മധ്യപിച്ച് ആരും ഗ്രാമസഭയിൽ പങ്കെടുക്കില്ലെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു. അതിനെ സ്ത്രീകളും ഗ്രാമസഭയിലെ സജീവരംഗങ്ങളിലായി ഇതോടുകൂടി അസാധാരണവും അനിർവ

ചനീയവുമായ ഒരു കൂട്ടുശക്തി (Synergy) അനുഭവപ്പെട്ടു തുടങ്ങി. ആദ്യമായി ചർച്ച ചെയ്ത വിഷയങ്ങളിലൊന്ന് മദ്യം തന്നെ. മദ്യം കൊണ്ട് ഗ്രാമത്തിൽ പലർക്കും ഗുണവും ദോഷവും ഉണ്ട്. ഇത്തരം ഗുണഭോക്താക്കളെയും മദ്യപന്മാരെയും ദോഷഭോക്താക്കളെയും ഗ്രാമസഭയുടെ മുമ്പിൽ അവരുടെ അനുഭവങ്ങളും ആവശ്യങ്ങളും താല്പര്യങ്ങളും അവതരിപ്പിക്കാനാവശ്യപ്പെട്ടു. പഠനഗ്രൂപ്പ് വിശദമായ പഠനം നടത്തി ഗ്രാമസഭക്ക് മുമ്പിൽ വെച്ചു.

നാലു മദ്യവില്പനക്കാരും അവരുടെ ഭാഗം വിശദീകരിച്ചു വാദിച്ചു. മദ്യപന്മാർ അവരുടെ ലാഭ - ചേതങ്ങൾ വിവരിച്ചു. സ്ത്രീകളും കുട്ടികളും അവരുടെ അനുഭവങ്ങൾ പ്രവർത്തിയിൽനിന്നു പിന്തിരിയാനും പരമ്പരാഗത കൃഷിയിലേക്ക് മടങ്ങാനും തീരുമാനിച്ചു. വിശദമായ പഠനത്തിനുശേഷം മദ്യം നിരോധിച്ചു. ആചാരാനുഷ്ഠാനങ്ങൾക്കും വിവാഹാവശ്യത്തിനും വേണ്ടത് തയ്യാറാക്കാൻ ഗ്രാമസഭയുടെ മുൻകൂർ അനുവാദം വാങ്ങാനും അതുകൊണ്ട് തന്നെ അമിതമദ്യാപനമോ മറ്റു തകരാറുകളോ ഉണ്ടാക്കില്ലെന്ന കണ്ടീഷനോടെ പരിമിതമായ അളവ് മാത്രം വാറ്റാനു അനുവാദം നൽകുന്നു. ആരെങ്കിലും ഈ നിയമം ലംഘിച്ചാൽ തക്കതായ പിഴ ചുമത്തുന്നു. പിഴ ഗ്രാമഫണ്ടിലേക്ക് പോകുന്നു.

### ആദ്യകാല എതിർപ്പും സമരവിജയവും

രണ്ടു കുടുംബങ്ങളല്ലാത്ത എല്ലാ കുടുംബങ്ങൾക്ക് ഗ്രാമത്തിൽ പട്ടയം ലഭിച്ച കൃഷിഭൂമിയുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പ് തന്നെ ഗ്രാമീണർക്ക് 1824 ഹെക്ടർ വനത്തിൽ നിസ്താർ അവകാശുമുണ്ട്. എങ്കിലും സ്വാതന്ത്ര്യത്തിനുശേഷം വനപാലകർ ഗ്രാമീണരെ വനത്തിൽ കാക്കാനോ വനവിഭങ്ങസളും വിറകും ശേഖരിക്കാനോ അനുവദിച്ചിരുന്നില്ല. മാത്രമല്ല. വിളവിന്റെ നല്ലൊരു ഭാഗം വനപാലകർക്ക് കാഴ്ചവെക്കേണ്ടിയിരുന്നത് മാമൂലമായിരുന്നു. ആദ്യമായെടുത്ത ഗ്രാമസഭയുടെ തീരുമാനങ്ങളിലൊന്നായിരുന്നു വനപാലകർക്കുള്ള കൊയ്ത്തുമാമൂൽ നിർത്തിവെക്കുകയെന്നത്. ഗ്രാമസഭയുടെ തീരുമാനം വനകാര്യാലയത്തിൽ (Forest Office) അറിയിക്കാൻ ഗ്രാമസഭ മൂന്നു പേരെ ചുമതലപ്പെടുത്തി. അവരത് യഥാസമയം വനപാലകരെ അറിയിച്ചു. രോഷാഗ്നി ജ്വലിച്ചു. വനപാലകർ ഗ്രാമത്തെ ഒരു പാഠം പഠിപ്പിക്കാൻ തന്നെ തീരുമാനിച്ചു. ഗ്രാമാതിർത്തിയിലുള്ള വൻമരങ്ങൾ വെട്ടാൻ ഉത്തരവായി സർവ്വസന്നാഹങ്ങളുമായി അവരെത്തി. ഫോറസ്റ്റ് ഗാർഡുകൾ, മരംവെട്ടുകാർ, ഗുണ്ടകൾ വാഹനങ്ങൾ എല്ലാം മരം വെട്ടാൻ തുടങ്ങി. ഗ്രാമസഭ പെട്ടെന്ന് സമ്മേളിച്ചു. തീരുമാനങ്ങളെടുത്തു. സ്ത്രീകൾ ഒന്നടങ്കം അധികൃതരേയും മരംവെട്ടുസംഘത്തെയും നേരിട്ടു. അവർ പറഞ്ഞു ഈ കാട്ടിൽനിന്നും മരംവെട്ടരുത്. ഇത് ഞങ്ങൾ സംരക്ഷിക്കുന്ന കാടാണ്. അധികൃതർ മരം വെട്ടാനുള്ള സർക്കാർ ഓർഡർ കാണിച്ചുകൊടുത്തു. ഇതനുസരിച്ച് മസരം വെട്ടുതടയുന്നത് നിയമവിരുദ്ധമാണെന്ന് ശഠിച്ചു. പക്ഷെ സ്ത്രീകൾ ഒട്ടും വിട്ടുകൊടുത്തില്ല. നിങ്ങൾ ഇവിടെ നിന്ന് ഉടൻ സ്ഥലം കാലിയാക്കണമെന്നും ഒരു കണക്കിനും മരങ്ങൾ വെട്ടാനനുവദിക്കില്ലെന്നും അസന്നിഗ്ദമായി പ്രഖ്യാപിച്ചു. ഞങ്ങൾ മരം വെട്ടിയാൽ നിങ്ങളെന്തുചെയ്യുമെന്ന ചോദ്യത്തിന് “ഞങ്ങൾ നിങ്ങളെ ഒന്നും ചെയ്യില്ല.” ഞങ്ങൾ നിങ്ങളെ അടിക്കില്ല, വെട്ടില്ല, എതിർക്കില്ല. പക്ഷെ ഈ മരങ്ങളെ കെട്ടിപ്പിടിച്ചിരിക്കും. ഞങ്ങളെ വെട്ടിവീഴ്ത്താതെ ഈ മരങ്ങളെ തൊടാൻ ഞങ്ങൾ അനുവദിക്കില്ല.” അധികൃതരും കൂടെവന്നവരും കുറെ സമയം കാത്തുനിന്നു. അവസാനം അവരോടതുപ്രയോഗിച്ചു. എന്തായാലും സർക്കാർ ഉത്തരവനുസരിച്ച് ഞങ്ങൾ വന്നതാണ്. ഇന്നു ഞങ്ങൾ കുറച്ചു മരം ഓർഡറനുസരിച്ച് വെട്ടിപൊയ്ക്കോളാം നാളെ വരികയുമില്ല.” സ്ത്രീകൾ മറുപടി പറഞ്ഞു. ഒരു രക്ഷയുമില്ല. മരം വെട്ടാനനുവദിക്കുന്ന പ്രശ്നമേയില്ല.? ഞങ്ങളെയെല്ലാവരേയും ഞങ്ങളെ കാത്തിരിക്കുന്ന ഞങ്ങളുടെ പുരുഷന്മാരെയും കൊല്ലാതെ ഒരൊറ്റമരം വെട്ടാൻ ഞങ്ങളനുവദിക്കില്ല. അവസാനം വനപാലകർ പരിവാരസമേതം തിരിച്ചുപോയി.

(തുടരും)

**പുതിയ ഡോക്യുമെന്ററി സിനിമകൾ**

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ
നിർമ്മാണം : മഹേഷ് ഭട്ട്

●

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ
നിർമ്മാണം : തേഡ് ഐ

●

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ)
25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

●

വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്./കാസറ്റ് കോപ്പികൾക്കും പ്രദർശനത്തിനും

●

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 0487-2421385